അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട താല്ക്കാലിക ജീവനക്കാരുടെ പ്രതിഫലം വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. ഇതേ തുടർന്ന് 31-10-19-ലെ ബോർഡ് യോഗതീരുമാന പ്രകാരം 2019 നവംബർ മാസം മുതൽ ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസ്, അസിസ്റ്റന്റ് ഗ്രേഡ്-II, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ഡ്രൈവർ ഗ്രേഡ്-II, സെക്യൂരിറ്റി ഗാർഡ്/വാച്ചർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ കരാർ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് നല്കിയിട്ടുണ്ട്. കൂടാതെ, സെക്യൂരിറ്റി ഗാർഡ് തസ്തികയിലെ കരാർ ജീവനക്കാർക്ക് 9-2-2021-ലെ ബോർഡ് യോഗ തീരുമാന പ്രകാരം പ്രതിമാസ വേതന നിരക്കിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

**വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ ശോചനീയാവസ്ഥ**

364(4374) ശ്രീ. പി. ടി. തോമസ്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980-ൽ ഹൗസിംഗ് ബോർഡ് നിർമ്മിച്ച് കൈമാറ്റം ചെയ്ത തിരുവനന്തപുരം പട്ടം വില്ലേജിലെ വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ ഇപ്പോഴത്തെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി അലോട്ട്മെന്റ് കഴിഞ്ഞിട്ടുള്ളതിനാൽ ഫ്ലാറ്റുകളുടെ തുടർപരിപാലനം ഫ്ലാറ്റ് ഉടമകൾ തന്നെ ചെയ്യേണ്ടതുണ്ട്. തുടർ പരിപാലന ജോലികൾ ഭവന നിർമ്മാണ ബോർഡിന്റെ പരിധിയിൽ വരുന്നതല്ല.

(ബി) പ്രസ്തുത ഫ്ലാറ്റുകളും അനുബന്ധ സ്ഥലങ്ങളും പൂർണമായും ഫ്ലാറ്റുടമകൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് ഇതിനുള്ള തടസ്സമെന്ന് വിശദമാക്കാമോ?

ടി പദ്ധതിയിലെ ഫ്ലാറ്റുകൾ പൂർണ്ണമായും കൈമാറിയിട്ടുണ്ട്. എന്നാൽ അനുബന്ധ സ്ഥലങ്ങൾ ഫ്ലാറ്റ് ഉടമകൾക്ക് രേഖാമൂലം കൈമാറ്റം ചെയ്തിട്ടില്ല. KSHB (Formation of Allottees) Association Regulations, 2000-ൽ നിഷ്കർഷിക്കുന്ന രീതിയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന അസോസിയേഷൻ നിലവിലില്ലാത്തതിനാലാണ് പൊതു സ്ഥലം അസോസിയേഷന് കൈമാറാത്തത്. എല്ലാ ഫ്ലാറ്റ് ഉടമകളും വിലയാധാരം വാങ്ങി അംഗീകൃത അസോസിയേഷൻ രൂപീകരിച്ചാൽ മാത്രമേ പൊതു സ്ഥലം രേഖാമൂലം കൈമാറ്റം ചെയ്യാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) അപകടാവസ്ഥയിലുള്ള ഫ്ലാറ്റുകൾ പുനർനിർമ്മിച്ച് നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഭവന നിർമ്മാണ ബോർഡ്, ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ അലോട്ട് ചെയ്തു കഴിഞ്ഞാൽ കെട്ടിടങ്ങൾക്ക് കാലാകാലങ്ങളിൽ വരുന്ന അറ്റകുറ്റപ്പണികൾ നടത്തേണ്ടത് ഫ്ലാറ്റുടമകളും, ഫ്ലാറ്റ് കെട്ടിട സമുച്ചയവുമായി ബന്ധപ്പെട്ട പൊതു ഇടങ്ങളിലെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടത് ഫ്ലാറ്റ് ഉടമകളുടെ അസോസിയേഷനുമാണ്.

**സംസ്ഥാനത്തെ ഭവന നിർമ്മാണ പദ്ധതികൾ**

365(4375) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് പ്രാബല്യത്തിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയെയും സംബന്ധിച്ച് വിശദവിവരം നൽകാമോ?

(എ&ബി) സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് മുഖേനയും വിവിധ വകുപ്പുകൾ മുഖേനയും നടപ്പിലാക്കി വരുന്ന വിവിധ ഭവന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വീടുകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം**

366(4376) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ 2016-21 കാലയളവിൽ ദുരന്തങ്ങളിൽ വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ച എത്ര പേർക്ക് സാമ്പത്തിക സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും ആയതിന് എത്ര രൂപ ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016-21 കാലയളവിലെ ദുരന്തങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 2114 പേർക്ക് 2,95,61,900 (രണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി അറുപത്തി ഒന്നായിരത്തി തൊള്ളായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്.

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly